**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2675** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | നിലമ്പൂർ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസറുടെയും പട്ടികജാതി ബ്ലോക്ക് ഓഫീസിന്റെയും കീഴിൽ 2020-2021 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചത്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | നിലമ്പൂർ സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസറുടെ കീഴിൽ 2020-21 സാമ്പത്തിക വർഷ ത്തിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു. നിലമ്പൂർ പട്ടികജാതി ബ്ലോക്ക് ആഫീസിന്റെ കീഴിൽ 2020-2021 സാമ്പത്തിക വർഷത്തിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിച്ച പദ്ധതികൾ ഒന്നും തന്നെ ഇല്ല. |
| (ബി) | സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിലേക്ക് (പട്ടികവർഗ്ഗം, പട്ടികജാതി) ഏതൊക്കെ പ്രവൃത്തികൾ അംഗീകാരത്തിന് നൽകിയിട്ടുണ്ട്; പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി 2020-2021 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയായി, ഓരോപ്രവൃത്തിയുടെയും നിലവിലെ അവസ്ഥ അറിയിക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളും, ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളും സംബന്ധിച്ച വിവരം അനുബന്ധം (2) ആയി ഉള്ളടക്കം ചെയ്യുന്നു. പദ്ധതികൾ നടപ്പിലാക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിലമ്പൂർ പട്ടികജാതി ബ്ലോക്ക് ആഫീസിന്റെ കീഴിൽ 2020-2021 സാമ്പത്തിക വർഷത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിലേക്ക് അംഗീകാര ത്തിന് നൽകിയതും ഭരണാനുമതി നൽകിയതുമായ പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. |
| (സി) | പാട്ടക്കരിമ്പ് റ്റി.കെ. കോളനിയിൽ പട്ടികവർഗ്ഗക്കാരുടെ വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള ഫയലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | പാട്ടക്കരിമ്പ് ടി. കെ. കോളനിയിൽ പട്ടികവർഗ്ഗ ക്കാരുടെ വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ വന്നശേഷം ഏതൊക്കെ വികസന ക്ഷേമ പ്രവർത്തനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കി; വിശദമാക്കാമോ;? | (ഡി) | ഈ സർക്കാർ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ ക്ഷേമ പ്രവർത്തന ങ്ങളുടെ വിവരങ്ങൾ അനുബന്ധം (3) ആയി ഉള്ളടക്കം ചെയ്യുന്നു. പട്ടികജാതി വികസന വകുപ്പ് നിലവിലുള്ള |

| | | | |
|---|---|---|---|
| | | | വികസന ക്ഷേമ പ്രവർത്തനങ്ങൾ കൂടാതെ ഭവന പൂർത്തീകരണം, പഠന മുറി, വാത്സല്യനിധി എന്നീ പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് നിലമ്പൂർ നിയമസഭാ മണ്ഡല പരിധിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2016-17-ൽ തെരഞ്ഞെടുത്ത ഇല്ലികോട്ട് പൊയിൽ കോളനിയിൽ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 2019-20-ൽ തെരഞ്ഞെടുത്ത കോരംകുന്ന് കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആദ്യ ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

2675 - I

## 2020-21 വർഷം ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ച പദ്ധതികൾ

### 1) കോർപ്പസ് ഫണ്ട് 2020- 21

| ക്രമ നം | പദ്ധതി | വർക്കിംഗ് ഗ്രൂപ്പ് അനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ [illegible] | 666000 | നടപ്പിലാക്കി വരുന്നു |
| 2 | മാഞ്ചീരി കോളനി ഭക്ഷണം പാകം ചെയ്തു | 1272000 | നടപ്പിലാക്കി വരുന്നു |
| 3 | പുറ്റളകോളനി കുടിവെള്ള പദ്ധതി | 395000 | വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചില്ല |
| 4 | അമ്പുമല കോളനി നടപ്പാലം | 400,000 | ഗ്രാമ പഞ്ചായത്തിന് തുക അനുവദിച്ചു |
| 5 | സാമൂഹിക പഠനമുറി ഫാൻ വിതരണം | 21,300 | പൂർത്തീകരിച്ചു |
| 6 | ചളിക്കൽ കോളനി കിണർ നിർമ്മാണം | 1,200,000 | പൂർത്തീകരിച്ചു |
| 7 | ചളിക്കൽ കോളനി പൈപ്പ് കണക്ഷൻ | 1,740,000 | പൂർത്തീകരിച്ചു |
| 8 | മതിൽമൂല കോളനി വാടക | 168,000 | നൽകി വരുന്നു |
| 9 | കവളപ്പാറ കോളനി ഓഡിറ്റോറിയം വാടക | 600,000 | നൽകി വരുന്നു |
| 10 | വലിയപുള്ളി കമ്മ്യൂണിറ്റി ഹാൾ ഫർണിച്ചർ വിതരണം | 96,625 | പൂർത്തീകരിച്ചു |
| 11 | ഭൂമികുത്ത് കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 958,164 | തുക അനുവദിച്ചു |
| 12 | ആധാർ, ജോബ് ഫെയർ | 8,418 | പൂർത്തീകരിച്ചു |
| 13 | കോവിഡ് പ്രതിരോധം ഭക്ഷ്യ സാധന വിതരണം | 644,985 | പൂർത്തീകരിച്ചു |
| 14 | ട്രവണ്ടക്കുംപൊയിൽ കമ്മ്യൂണിറ്റി ഹാൾ ഫർണിച്ചർ വിതരണം | 65,750 | പൂർത്തീകരിച്ചു |
| 15 | മുന്നാടി കോളനി കുഴൽകിണറിന് പമ്പ് സെറ്റ് സ്ഥാപിക്കൽ | 81,155 | പൂർത്തീകരിച്ചു |
| 16 | ചളിക്കൽ കോളനി ഗാർഹിക വൈദ്യുതി | 50,000 | നൽകി വരുന്നു |
| 17 | തയ്യൽമെഷീൻ വിതരണം | 247,500 | പൂർത്തീകരിച്ചു |
| 18 | പണപ്പൊയിൽ കോളനി കുടിവെള്ള പദ്ധതി മോട്ടോർ [illegible] യർ | 10,220 | പൂർത്തീകരിച്ചു |
| | ആകെ | 8,625,117 | |

### അടിയ പണിയ പാക്കേജ് 2019-20 പദ്ധതി വിവരങ്ങൾ

| ക്രമ നം | പദ്ധതി | അനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | 720 എൽപി സ്ക്കൂൾകുട്ടികൾക്ക് യൂണിഫോം വിതരണം | 637500 | സ്ക്കൂൾ തുറക്കാത്തതിനാൽ നൽകിയിട്ടില്ല |
| 2 | പ്ലസ് വൺ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം | 210,000 | നൽകി വരുന്നു |
| 3 | മാഞ്ചീരി സെറ്റിൽമെന്റിലെ കുടുംബങ്ങൾക്ക് ടാർപോളിൻ ഷീറ്റുകൾ നൽകൽ | 99,650 | പൂർത്തീകരിച്ചു |
| 4 | വെറ്റിലക്കൊല്ലി തോട്ടപ്പള്ളി കുടുംബങ്ങൾക്ക് ടാർപോളിൻ ഷീറ്റുകൾ നൽകൽ | 44,250 | പൂർത്തീകരിച്ചു |
| 5 | വാണിയംപുഴ ഇരുട്ടുകുത്തി തണ്ടൻകല്ല്, കുമ്പളപ്പാറ തരിപ്പപ്പൊട്ടി മുണ്ടക്കടവ് മതിൽമൂല കുടുംബങ്ങൾക്ക് ടാർപോളിൻ ഷീറ്റുകൾ നൽകൽ | [illegible],675 | പൂർത്തീകരിച്ചു |
| 6 | അമരപ്പലം അനന്തല്ല് കോളനി വീട് വയറിംഗ് | 72,000 | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| [illegible] | കുമാരി ദിവ്യയ്ക്ക് പഠനാവശ്യത്തിന് [illegible] | | |
| 8 | ഭവന പുനരുദ്ധാരണം | 28 [illegible] | പൂർത്തീകരിച്ചു |
| | പഠന ധനസഹായം | 100 000 | 40% പൂർത്തീകരിച്ചു |
| 9 | | [illegible] | [illegible] |
| ആകെ | | 1,525,275. | 0 |
| ഭക്ഷ്യസഹായ പദ്ധതി 2019-20 പദ്ധതി വിവരങ്ങൾ | | | |
| 1 | ഭക്ഷ്യസഹായ പദ്ധതി | 11759536 | പൂർത്തീകരിച്ചു |
| 2 | മാഞ്ചീരി കോളനിയിൽ ഭക്ഷ്യസാധനങ്ങളുടെ വിതരണം | 2906218 | നൽകിവരുന്നു |
| 3 | കോവിഡ് പ്രതിരോധം ഭക്ഷ്യധാന്യ വിതരണം | 14665754 | പൂർത്തീകരിച്ചു |
| സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിലേക്ക് നൽകിയ പദ്ധതി വിവരങ്ങൾ | | | |
| 1 | പാട്ടക്കരിമ്പ് കോളനി [illegible] | 5114889 | [illegible] |
| 2 | പാലക്കയം കോളനി റോഡ് | 2,60,00,000 | |

2675

അനുബന്ധം - 2

അനുബന്ധം (2)

# List of Proposals to be placed and issued Administrative sanction in the SLWG during 2020-21

| Sl No | Name of Scheme/Project | Approved or Not |
|---|---|---|
| 1 | Proposal for modernisation of pre-matric hostel(Girls) Njaraneeli, Thiruvananthapuram ( supply of furniture, TV,Mosquito net, Kitchen equipments and painting works | Approved |
| 2 | Project proposal for Animal Husbandry in Aralam Farm,Kannur District | Not approved |
| 3 | Proposal for Civil work at Pre-matric Hostel, Thodupuzha (Girls) (ceiling work& plumping ) | Not approved |
| 4 | Project proposal for soling work in Karimam colony road at Thirunelli Grama Panchayat in Wayanad District | Approved |
| 5 | Establishing multipurpose resource centers in Kasargode district | Not approved |

| Sl No | Name of Scheme/Project | Approved or Not |
|---|---|---|
| 6 | Project proposal for construction of Bridge & Approach Raod at Thalikakkally colony in Vandazhi Grama Panchayat in Palakkad Dist | Approved |
| 7 | Project proposal for Dairy Development in Aralam Farm, Kannur District | approved |
| 8 | Project Proposal for construction work of Bridge and Approach Road in Vettilachola ST Colony Road at Kanjirapuzha Grama Panchayath in Palakkad district **(Rs.26,77,163/- available in the TDO Palakkad)** | approved |
| 9 | Project Proposal for Tile Work of community hall in Vettilachola STColony Road at Kanjirapuzha GramaPanchayath in Palakkad district**(Rs. 5,67,000/- available in the TDO Palakkad)** | approved |
| 10 | Establishing tribal ethnic food restaurants in collaboration with KSRTC | approved |
| 11 | Project Proposal for the road tarring and road concrete in Ottamala Balu Naik Colony at Panathady Grama Panchayath in Kasargodu District. | approved |
| 12 | Project proposal for Water Resource Development projects in rehabilitation areas of Wayanad & Pookote | approved |

| Sl No | Name of Scheme/Project | Approved or Not |
|---|---|---|
| 13 | Project Proposal for Electrification in Pattakarimb Colony at Amarambalam Grama Panchayath in Malappuram District. | approved |
| 14 | Proposal for Employment training to differently abled persons among STs | Approved |
| 15 | Proposal for purchase of furniture, EMRS, Pookote | approved |
| 16 | Proposal for Civil Work at Pre-matric Hostel kumali (B) (Wall painting, renewal of glass panes, tile work, PVC doors with frame for hostel) | approved |
| 17 | Project proposal for Supply of Chip Based Smart Card to Scheduled Tribes. | approved |
| 18 | Proposal for Operation of 14 Mobile Medical Clinics operating at various Districts for the year 2020-21 | approved |
| 19 | Proposal for civil work at Pre-matric Hostel, Kottathara (Boys) - civil work (maintenance works, compound wall, electrical and plumping works) | approved |
| 20 | Proposal for civil work at pre-matric hostel, Agali (Girls-1)- civil work (maintenance work, electrical works,plumping works, existing toilet pit cleaning ) | approved |

| Sl No | Name of Scheme/Project | Approved or Not |
| --- | --- | --- |
| 21 | Proposal for civil work at pre-matric Hostel, Kookkapalayam (Boys)- civil work (repair works, electrical works,plumping works, waste pit cleaning ) | approved |
| 22 | Proposal for Civil work at Post-matric Hostel Poolakkadavu (B)- civil works (repair work of hostel building, construction of new toilet Block) | approved |

Renuka Sarkar
രേണുക സർക്കാർ

## അനുബന്ധം (3)

### 1. <u>ലാന്റ് ബാങ്ക് പദ്ധതി</u>

ലാന്റ് ബാങ്ക് പദ്ധതിക്കായി 15,57,07,362/- രൂപ (പതിനഞ്ച് കോടി അൻപത്തി ഏഴ് ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റി അറുപത്തി ര് രൂപ മാത്രം) ചെലവഴിച്ചു.

### 2. <u>സാമൂഹിക പഠനമുറി</u>

പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിന് 500 പഠന മുറികൾ സജ്ജീകരിക്കുന്നതിന് ലക്ഷ്യ വെയ്ക്കുകയും ആയതിൽ 250 പഠനമുറികൾ ഇന്റർനെറ്റ് ഉൾപ്പെടെയുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തീകരിച്ച് ഊരുകളിൽ ആരംഭിച്ചിട്ടു്. ഇതിനായി 250 പട്ടികവർഗ്ഗ യുവതി യുവാക്കളെ തെരഞ്ഞെടുത്ത് ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രവർത്തനക്ഷമമായിട്ടു്. ഷേശിക്കുന്ന 250 പഠന മുറികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു്.

### 3. <u>ഗോത്രബന്ധു-</u>

സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിച്ച് കൊഴിഞ്ഞ്പോക്ക് കുറയ്ക്കുന്നതിനും കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4 ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊ് പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./.ബി.എഡ്/ഡി.എഡ് പാസ്സായ അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ 21,900/- രൂപ ഹോണറേറിയത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് ''ഗോത്രബന്ധു പദ്ധതി''

2016-17 വർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 പേരെയും അട്ടപ്പാടിയിൽ 26 പേരയും ഉൾപ്പെടുത്തി 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടു്. കൂടാതെ മലപ്പുറത്തും അട്ടപ്പാടി ഒഴികെയുള്ള പാലക്കാട് ജില്ലയിലുമായി 59 മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## 4. <u>അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>

_

***എ)കോളനികളുടെ സമഗ്ര വികസനം.***

2017 - 18 വർഷം 94 കോളനികളും 2020-21 വർഷം 62 കോളനികളും ഈ പദ്ധതിയിൽ തെരഞ്ഞെടുത്തു. ആകെ 156 കോളനികളിൽ 4 എണ്ണം പൂർത്തീകരിച്ചു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതുവരെ 31.94 കോടി രൂപ ടി പദ്ധതിയ്ക്കായി ചെലവഴിച്ചു.

**ബി)** ***<u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി</u>***

എം.ജി.എൻ.ആർ.ഇ.ജി.എസ്പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെകേരളത്തിലെ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടിലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണവകുപ്പ്, പട്ടികവർഗ്ഗവികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാ

ക്കുക. കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതിയിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 32.33 കോടി രൂപ ചെലവഴിച്ച് 100 ദിവസം വരെ 57521 പേർക്കും 100 ദിവസത്തിന് മുകളിൽ 46910 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും തൊഴിൽ ലഭിച്ചു.

കൂടാതെ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിരൊക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫായി പട്ടികവർഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയിട്ടു്. ഇതിൽ അട്ടപ്പാടി, വയാനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

**സി) _പി.കെ.കാളൻ കുടുംബ പദ്ധതി_**

പട്ടികവർഗ്ഗ മേഖലകളിൽ ഒറ്റപ്പെട്ട്/ചിന്നിചിതറി താമസിക്കുന്ന കുടുംബങ്ങളെ കുടുംബാധിഷ്ഠിത മൈകോപ്ലാൻ പദ്ധതിയിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് ടി പദ്ധതി കൊ് ഉദ്ദേശിക്കുന്നത്.

പി.കെ.കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടു്. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾ സർക്കാരിന്റെ അംഗീകാരം ലഭിച്ചു. അത് പ്രകാരം ടി തുക കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ചു നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾക്ക് 1.54 കോടി രൂപ സംസ്ഥാന കുടുംബശ്രീ മിഷനു അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

## 5. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ***"ഗോത്രവാൽസല്യ നിധി''*** എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ചേർന്നാണ് പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകി ഒരു പെൺകുട്ടിക്ക് ആകെ 1,38,000/- രൂപ 4 ഗഡുക്കളായി കുട്ടിയുടെ ജനനം മുതൽ കുട്ടിക്കു 18 വയസ്സാകുന്നതുവരെയുള്ള കാലയളവിൽ പെൺകുട്ടിയുടെ പേരിൽ എൽ.ഐ. സി. യിൽ നിക്ഷേപിക്കുന്നു.

ടി പദ്ധതിയിൽ നാളിതുവരെയായി 8.15 കോടി രൂപ വിനിയോഗിച്ച് 2088 പട്ടികവർഗ പെൺകുട്ടികളെ സർക്കാർ ഉത്തരവിലെ മാനദണ്ഡ പ്രകാരം ഇൻഷ്വർ ചെയ്തിട്ടു്.

## 6. KIIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

ഓരോ പദ്ധതിക്കും കിഫ്ബിയിൽ നിന്നും അംഗീകരിച്ച തുകയും തത്സ്ഥിതിയും ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ – 5 കോടി രൂപ

അച്ചൻകോവിൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ 24/09/2018 – ന് ആരംഭിച്ചു.

2. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ -3.91 കോടി രൂപ . നിർമ്മാണം പൂർത്തീകരിച്ചു.

3. പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ - 4.2 കോടി രൂപ

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടു്.

4. പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക - 4.7 കോടി രൂപ

ബേഡടുക്ക പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടു്.

5. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം -5 കോടി രൂപ

നേര്യമംഗലം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ടെർ ക്ഷണിക്കുകയും 8/11/2018 - ന് കൂടിയ ടെർ കമ്മിറ്റിയിൽ ഏറ്റവും കുറഞ്ഞ നിരക്കിലെ ടെർ അംഗീകരിക്കുകയും ചെയ്തിട്ടു്. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

6. ഹോസ്റ്റൽ കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാടുകാണി - 3.42 കോടി രൂപ. നിർമ്മാണം പൂർത്തീകരിച്ചു.

7. അക്കാഡമിക് ബ്ലോക്ക് കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാടുകാണി) - 4.03 കോടി രൂപ നിർമ്മാണം പൂർത്തീകരിച്ചു.

8. യൂത്ത് ഹോസ്റ്റൽ, പാലോട് -3.14 കോടി രൂപ

പാലോട് യൂത്ത് ഹോസ്റ്റൽ , പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ എന്നിവയുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു്..

9. എം.ആർ.എസ്, ആറളം, കണ്ണൂർ -18.60 കോടി രൂപ

എം.ആർ.എസ് ആറളം നിർമ്മാണ പ്രവൃത്തിയ്ക്ക് ബിൽഡിംഗ് പെർമിറ്റ് ലഭ്യമായിട്ടു്. നിർമ്മാണ ഏജൻസിയുമായി കരാർ ഒപ്പുവച്ചിട്ടു്.

## 10. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

ആധുനിക വൈദ്യ സഹായം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടർ, പാരാമെഡിക്കൽ സേവനം ഉൾപ്പെടെ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ സംസ്ഥാനമൊട്ടാകെ 2017-18 മുതൽ പ്രവർത്തനം ആരംഭിച്ചു:

പട്ടികവർഗ്ഗ മേഖലകളിൽ കുവരുന്ന രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ച വാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ദ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും

ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്. . മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാ വിധികൾ നിശ്ചയിച്ച് മരുന്ന് നൽകുന്നതും വിദഗ്ദ ചികിത്സ ആവശ്യമായവർക്ക് താലൂക്ക് ജില്ലാ ആശുപത്രികൾ വഴി ചികിത്സ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 714.08 ലക്ഷം രൂപ ചെലവഴിച്ച് 3,86,905 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടു്.

കൂടതെ കോവിഡ് 19 - ന്റെ പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ കോളനികളിൽ മൊബൈൽ മെഡിക്കൽ ക്ലീനുക്കുകൾ മുഖേന കോവിഡ് 19- ന്റെ ചികിത്സയും പ്രതിരോധ നടപടികളും ശ്ക്തിപ്പെടുത്തുന്നതിനായി 2020-21 വർഷം 528.66 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## 11. ഗോത്രജീവിക :-

ഗോത്ര ജീവിക പരിപാടിയിൽ നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട പ്രവ്യത്തികളായ നിർമ്മാണ പ്രവ്യത്തികൾ, പ്ലംബിംഗ്, വൈദ്യുതീകരണം, മരപ്പണി തുടങ്ങിയവയിൽ ഇതുവരെ 1170 പട്ടികവർഗ്ഗ യുവാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് പ തിശീലനം നൽകി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെയും മറ്റുള്ളവരുടെയും വീടുകൾ ഏറ്റെടുത്ത് നിർമ്മിച്ചു വരുന്നു.. സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു പുറമെ ഈ പരിപാടിയിലൂടെ ഗോത്രവർഗ്ഗ ഭവന നിർമ്മാണത്തിനുള്ള ഇടനിലക്കാരെ ഒഴിവാക്കുന്നതിന് സാധിക്കുന്നു.

2021-22 വർഷത്തിൽ പദ്ധതിയുടെ രാംഘട്ടമായി 1050 പട്ടികവർഗ്ഗ യുവാക്കൾക്ക് പ തിശീലനം നൽകി പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ടി പദ്ധതിയിലൂടെ നാളിതുവരെ 733 ലക്ഷം രൂപ ചെലവഴിക്കുകയും 2220 ഗുണഭോക്റ്റാക്കൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രവർത്തിക്കുകയുമാണ്.

## 12. സമഗ്ര-ആദിവാസി സാക്ഷരത പരിപാടി

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷതരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനുമായി സാക്ഷരതാ മിഷൻ മുഖേന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ആദിവാസി സാക്ഷരതാപദ്ധതി..

ടി പദ്ധതിയ്ക്കായി സാക്ഷരതാ മിഷൻ മുഖേന 370 ലക്ഷം രൂപ ചെലവഴിച്ച് 1996 പേർ സാക്ഷരത കൈവരിക്കുകയുായി. നാലാം തരം തുല്യതാ പരീക്ഷയിൽ 849 പേരും ഏഴാംതരം തുല്യതാ പരീക്ഷയിൽ 106 പേരും വിജയിച്ചു. ടി പദ്ധതിയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 100 സമഗ്ര പ്രേരക്മാരെ നിയമിച്ചിട്ടു്.

## 13. ഗോത്ര രശ്മി- സാമൂഹിക ശാക്തീകരണ പരിപാടി.

പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ മുതുവാൻ, മന്നാൻ, ഊരാളി, പളിയ, ഹിൽപുലയ എന്നീ സമുദായങ്ങളിൽ നിന്നും 50 പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി പട്ടികവർഗ്ഗ വിഭാഗങ്ങളെ നേതൃരംഗത്തേക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുക യാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തീരുമാനമെടുക്കൽ പ്രക്രിയകളിലേക്കും വിവിധ പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങളിലെ യുവതീ യുവാക്കളെ പങ്കാളികളാക്കാൻ സാധിക്കും.

കൂടാതെ ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്രവിഭാഗങ്ങളെക്കുറിച്ചുള്ള അന്വേഷ ണം, പഠനം, വിവരശേഖരണം, പരിശീലനം എന്നിവയിലൂടെ ഗോത്രസംസ്കൃതിയുടെ ജൈവ മണ്ഡലങ്ങളെക്കുറിച്ചുള്ള ദാർശനികമായ ഉൾക്കാഴ്ച നേടുന്നതിനും, പൊതുസമൂഹ ത്തിന്റെ നിലനിൽപിന് ആദിവാസി ഗോത്രവിഭാഗങ്ങൾ വഹിക്കുന്ന ജൈവപരമായ പങ്ക് അവർതന്നെ ഗവേഷണത്തിനു വിധേയമായി ഒരു പഠനരേഖ പ്രസിദ്ധീകരിക്കുന്നതിനും, ആദി വാസി മേഖലകളെ സ്ത്രീ സൗഹൃദ ഊരുകളാക്കുന്നതിനും, സ്വയം തൊഴിൽ പരിശീലനത്തി ലൂടെ അനുബന്ധ വരുമാന മാർഗ്ഗമുാക്കുന്നതിനും ഗോത്ര രശ്മി പദ്ധതി ഉതകുന്നതാണ്.

14. <u>മില്ലറ്റ് വില്ലേജ് – അട്ടപ്പാടി</u>

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017–18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫ് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടി കവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്ന ത്. പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 540.00 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

15. <u>**പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:**</u> പട്ടികവർഗ്ഗ ക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലു്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019–20 – ൽ *"പട്ടികവർഗ്ഗ ക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം"* എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പ യർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ **"നമത്ത് വെള്ളാമെ"** എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിയ്ക്ക് കീഴിൽ കൊുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.

2020-21 മുതൽ മറ്റ് ജില്ലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപമെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി ആരംഭിച്ചിട്ടു്. ഇതിൽ ആദ്യഘട്ടമായി 100 ലക്ഷം രൂപ അനുവദിച്ച് പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

16. <u>**കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി:**</u> **പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫ് മുഖേന ആരംഭിച്ച** കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽകൂട്ടങ്ങൾ വഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള, ശാക്തീകരണ ജീവനോപാധി പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ സ്വയം തൊഴിൽ കത്തൊൻ വേ സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽകൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫ്, ജോയിന്റ് ലൈവിലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫ് എന്നിവ നൽകുകയും 46 സ്വയം സഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുവാൻ കഴിഞ്ഞു.

17. <u>**മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ**</u>

2016-17 മുതൽ മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട, കോട്ടയം എന്നീ ജില്ലകളിൽ മിൽമ മുഖേന ക്ഷീരവികസനവുമായി ബന്ധപ്പെട്ട് 1568.75 ലക്ഷം രൂപ ചെലവഴിച്ച് 645 പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾ നൽകാൻ കഴിഞ്ഞു.

18. <u>**കരിയർ ഗൈഡൻസ് ജോബ് ഫെയർ:**</u> 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊ് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 - ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിയ്ക്ക്നുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

<u>**20**</u> <u>**അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്**</u>: 2018-19 -ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ **വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം** നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്റി ***അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്*** എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടു്. 2019-20 അധ്യയന വർഷത്തിലെ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യൂണിഫോമും നൈറ്റ് ഡ്രെസുകളും ഇവിടെ തുന്നുന്നതിന് നടപടി സ്വീകരിച്ചിട്ടു്.

കൂടാതെ 2020-21 വർഷം പദ്ധതിയുടെ രാം ഘട്ടം എന്ന നിലയിൽ വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ 350 പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക

രീതിയിലുള്ള വസ്ത്രനിർമ്മാണ പരിശീലന പരിപാടിയ്ക്കായി (അപ്പാരൽ പാർക്ക് ) 673.49 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി ആരംഭിച്ചു.

**ആധുനിക മേഖലയിൽ തൊഴിൽ കത്തെുന്നതിന് സ്വീകരിച്ച നടപടികൾ**

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രസ്തുത സർക്കാർ / സ്വകാര്യതൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ 16 സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 46 കോഴ്സുകളിലയി 5658 പേർക്ക് പരിശീലനം നൽകിയതിൽ 2990 പേർക്ക് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തി. ഇതിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 22 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ ബാങ്ക് പ്രവേശനാ പരിശീലനങ്ങൾ റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിലരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗയുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടു്.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവ.ലോ കോളേജുമായി ചേർന്നുകൊ് എൽ.എൽ.ബി പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പ ാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ **2745** പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകി **തൊഴിൽ ലഭ്യമാക്കിയിട്ടു്.ഭിച്ചിട്ടു്.**

**സമ്പൂർണ്ണ വൈദ്യുതീകരണം** :- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫ്, പൂൾഡ് ഫ് എന്നീ പദ്ധതികളിൽഉൾപ്പെടുത്തി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 17.94 കോടിരൂപ ചെലവഴിച്ച് വൈദ്യുതീകരിക്കാത്ത എല്ലാ പട്ടികവർഗ്ഗ ഊരുകളിലും ഭവനങ്ങളും വൈദ്യുതീക രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. .

**കുടിവെള്ളം**: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കോളനി വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയ്ക്കുപുറമെ കോർപ്പസ് ഫിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 4.98 കോടി രൂപ ചെലവഴിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കി.

**ശുചിത്വം** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് അനുവദിക്കുന്ന വീട് നിർമ്മാണത്തോടൊപ്പം കക്കൂസ്ഉൾപ്പെടെ നൽകാറു്. എന്നാൽ എറണാകുളം ജില്ലയിൽ ഉപയോഗ ശൂന്യമായ കക്കൂസുകൾക്കുപകരം ശുചിത്വമിഷനുമായിചേർന്ന് 224 ശുചിത്വ കക്കൂസുകൾ നിർമ്മിക്കുന്നതിനായി 0.67 കോടി രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കി

**കമ്മ്യൂണിറ്റി ഹാൾ**: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ ജില്ലകളിൽ പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി 3.99 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി.

**അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാലം, കലുങ്ക്:-** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷംനാളിതുവരെ റോഡ്, പാലം, കലുങ്ക് നിർമ്മാണം എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിനും, നവീകരണത്തിനുമായി 32.81 കോടി രൂപ വിവിധ ജില്ല കൾക്കായി അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവര ശേഖരണം:**

കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ച് ആസൂത്രണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആരംഭിച്ച "ഇ-സർവ്വേ" പൂർത്തീകരണഘട്ടത്തിലാണ്. **4,84,204** പേരുടെ വ്യക്തിഗത വിവരങ്ങൾ നാളിതുവരെ ശേഖരിക്കുകയും ആയതിന്റെ സൂക്ഷ്മതലപരിശോധന ര് ഘട്ടങ്ങളിലായി പൂർത്തിയാക്കുകയും ചെയ്തിട്ടു്. ഇതിൽ 6868 കോളനികളിൽ 6507 കോളനികളുടെ വിവര ശേഖരണം പൂർത്തീകരിച്ചിട്ടു്.

**സർവ്വീസ് പ്ലസ് (ഇ- സർവ്വീസ്):-** പട്ടികവർഗ്ഗക്കാരുടെ വ്യക്തിഗത ആനുകൂല്യങ്ങൾ വേഗത്തിലും നേരിട്ട് അവരുടെ കൈകളിൽ എത്തുന്നതിനുള്ള ഒരു സേവനമാണ് ഇതിലൂടെ പ്രധാനം ചെയ്യുന്നത്. അപേക്ഷകൾ സമർപ്പിക്കുന്നതിനോ ആനുകൂല്യങ്ങൾ വാങ്ങുന്നതിനോ അപേക്ഷകൻ ഓഫീസിൽ വരേതില്ല. ആനുകൂല്യങ്ങൾക്കുള്ള ജാതി വരുമാന സർട്ടിഫിക്കറ്റുകൾക്കായി വില്ലേജ്/ താലൂക്ക് ഓഫീസുകളിൽ അപേക്ഷകൻ പോകാതെ തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഇതിലൂടെ ഒരുക്കിയിട്ടു്. ആനുകൂല്യങ്ങൾ വീടിനടുത്തുള്ളതും അവരുടെ ബാങ്ക് അക്കൗുള്ളതുമായ ബാങ്കിലേയ്ക്ക് നിക്ഷേപിക്കപ്പെടുന്നു. ഇതിലൂടെ പട്ടികവർഗ്ഗ ക്കാർക്ക് അതിവേഗം തന്നെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം ഉറപ്പു വരുത്തുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടമായി 13 സേവനങ്ങൾ ഇപ്രകാരം നൽകുന്നതിന് തയ്യാറായി വരുന്നു.